# വെറുക്കപ്പെട്ടവളുമൊത്ത്...
## —പി.റ്റി. പൗലോസ്

"Atheist tears up the Bible"—ഈ തലവാചകത്തോടെയാണ് 1978-ലെ ഒരു മെയ്മാസപ്പുലരിയിൽ കല്ക്കത്തയിൽനിന്ന് Statesman പത്രം പുറത്തിറങ്ങിയത്. തലേന്നാൾ കല്ക്കത്ത അന്തർദേശീയവിമാനത്താവളത്തിലെ ഡൊമസ്റ്റിക്ക് ഫ്ളൈറ്റുകളുടെ ഡിപ്പാർച്ചർലോഞ്ചിൽ അരങ്ങേറിയ ചില നാടകീയമുഹൂർത്തങ്ങളുടെ വിവരണങ്ങളോടെ.

അമേരിക്കൻ എഥീയിസ്റ്റ് (American Atheis, Inc.) ന്‌റെ പ്രസിഡന്‌റും, അമേരിക്കയിലെ യാഥാസ്ഥിതികരുടെ തലവേദനയും, 1963-ലെ പ്രശസ്തമായ സുപ്രീംകോടതിവിധിയിലൂടെ (Murray vs. Curlett) അമേരിക്കൽ പൊതുവിദ്യാലയങ്ങളിൽ ബൈബിൾപാരായണം നിർത്തലാക്കിച്ച, 1964-ൽ `ലൈഫ്`മാസിക “the most hated woman in America"എന്നു വിശേഷിപ്പിച്ച, സാക്ഷാൽ മാഡലിൻ മറെ ഒഹെയർ (Madalyn Murray O'Hair) എന്ന അമേരിക്കൻ വനിതയാണ് ഇവിടെ കഥാനായിക. അവരുടെ ആദ്യ ഇൻഡ്യൻപര്യടനത്തിന്‌റെ കല്ക്കത്ത-ബംഗാൾ യാത്രകൾ കഴിഞ്ഞ് ഡൽഹിക്കു മടങ്ങിപ്പോകാൻ വിമാനം കാത്തുനിൽക്കുമ്പോൾ കല്ക്കത്തയിലെ ഒരുസംഘം പത്രപ്രതിനിധികൾ അവരെ സമീപിച്ചു.

ലോകപ്രശസ്ത നിരീശ്വരവാദിയായ മാഡലിനോടു ചോദിക്കാൻ അവർക്ക് ഒരുകെട്ടു ചോദ്യങ്ങളുണ്ടായിരുന്നു. ഉരുളയ്ക്ക് ഉപ്പേരിപോലെ ഉത്തരങ്ങളുമായി മാഡലിൻ വികാരാധീനയായി. അവരുടെ കൈവശം റഫർ ചെയ്യാനുള്ള മതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ബൈബിളും ഉണ്ടായിരുന്നു, “താങ്കൾ ബൈബിൾ രഹസ്യമായി കൈവശംവച്ച് ദൈവമില്ലെന്നു പറഞ്ഞ് സമൂഹത്തെ കബളിപ്പിക്കുകയാ”ണെന്ന് ഒരു യുവപത്രപ്രവർത്തകൻ തുറന്നടിച്ചു. അതു കേട്ടപ്പോൾ മാഡലിന് സ്വയം നിയന്ത്രിക്കാനായില്ല. തന്‌റെ കൈവശമിരുന്ന ബൈബിളിന്‌റെ മുഴുവൻ പേജുകളും പിച്ചിച്ചീന്തി ആകാശത്തിലേക്കു പറത്തി. ആകാശത്തിൽ പറക്കുന്ന ബൈബിൾത്താളുകളുടെ പടമെടുത്ത് പിറ്റേദിവസത്തെ പത്രങ്ങളുടെ മുഖചിത്രമാക്കി പത്രക്കാർ ആഘോഷിച്ചു.

മാഡലിൻ ഒഹെയറിന്‌റെ ഭാരതപര്യടനസംഘത്തിൽ അവരുടെ മകൻ ജോൺ ഗാർത്ത് മറെ (John Garth Murray), കൊച്ചുമകൾ റോബിൻ , ഇൻഡ്യൻ എഥീയിസ്റ്റ്സ് പ്രസിഡന്‌റ് ജോസഫ് ഇടമറുക് എന്നിവരുമൊത്ത്, Freethought എന്ന ഇംഗ്ലീഷ് ദ്വൈവാരികയുടെ കറസ്പോണ്ടന്‌റ് എന്ന നിലയിലും ബംഗാൾ റാഷണലിസ്റ്റ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിലും ഈ ലേഖകനും ഉണ്ടായിരുന്നു.

ചരിത്രമുറങ്ങുന്ന കാളീനഗരത്തിന്‌റെ ഊടുവഴികളിലൂടെയുള്ള സഞ്ചാരങ്ങൾക്കൊടുവിൽ ആ സ്വതന്ത്രചിന്തക പറഞ്ഞു: “ ഈ യാത്ര ഒരു ചരിത്രസംഭവമാണ്. ” കല്ക്കത്തയെ പിരിയാൻ അവർക്കത്ര എളുപ്പമല്ലായിരുന്നു. കലക്കത്ത, അവൾ അങ്ങനെയാണ്! ആദ്യം നമ്മെ മടുപ്പിക്കും, പിന്നെ പ്രണയിക്കും, പിരിയാൻ`നേരം കരയിപ്പിക്കും.

ഇരുപതിലധികം പ്ലാറ്റ്ഫോമുകളുള്ള ഹൗറാസ്റ്റേഷനിലെ ജനത്തിരക്കു കണ്ട് അവർ അതിശയിച്ചുനിന്നു. പ്ലാറ്റ്ഫോമിൽനിന്നു പ്ലാറ്റ്ഫോമിലേക്ക് പരല്മീനുകളെപ്പോലെ പിടഞ്ഞുപിടഞ്ഞൊഴുകുന്ന അജ്ഞാതമനുഷ്യർ. ഏതൊക്കെയോ ദേശങ്ങളുടെ ഗന്ധങ്ങളുമായി വരുന്ന തീവണ്ടികൾ. തിയിൽ പഴുത്ത ചെമ്പിന്‌റെ മുഖമുള്ള പോർട്ടർമാർ. വംഗഭംഗി ഉടലിൽ കൊത്തിയ അംഗനമാർ....

സ്റ്റേഷനു പുറത്ത് കൈകളുയർത്തി അതിഥികളെ നഗരത്തിലേക്കു സ്വീകരിക്കാൻ നില്ക്കുന്ന, കാലം പല ഭാവത്തിൽ വഴിനടന്ന, ഹൗറാപ്പാലത്തിനുതാഴെ ഹൂഗ്ളിയിൽ അലയുന്ന തോണികൾ. പാലം കടന്നാൽ ഇരുവശത്തും മണ്ണിന്‌റെ നിറവും അടർന്ന ചുമരുകളുമുള്ള പഴയ കെട്ടിടങ്ങൾ. അവയില്പ്പലതും വിവേകാനന്ദനു നഗരം നല്കിയ സ്വീകരണങ്ങളും,

പരമഹംസരുടെ കുതിരവണ്ടിയാത്രകളും, രണ്ടു വിഭജനങ്ങളും വർഗ്ഗീയലഹളകളും മഹാത്മാഗാന്ധിയുടെ ഉപവാസവും കണ്ടവയാണ്. ടാഗോറിന്റെ രാജകീയരൂപം കടന്നുപോകുന്നതു കണ്ടതാണ്. അവയ്ക്കുള്ളിലിപ്പോഴും പുതിയ കാലം വിളക്കുകൾ കൊളുത്തുകയും തണൽ തേടുകയും ചെയ്യുന്നു.

ചരിത്രം കുലീനമായി ചുവടുവച്ച ചൗരംഗിയിലെ പുത്തൻ ആകാശചാരികൾ; അവയ്ക്കിടയിൽ ചുകപ്പൻ ബോർഡുകളും അവയിൽ വിയർപ്പു പുരളാത്ത നേതാക്കളുടെ മുഖങ്ങളും. ടോളിഗഞ്ചിലൂടെ കിതച്ചുകിതച്ചു പോകുന്ന ട്രാമുകൾ, പാർക്ക് സ്ട്രീറ്റിലെ നിശാക്ളബ്ബുകൾ, പാർക്ക് സർക്കസ്സിലെ ഗൃഹജീവിതങ്ങൾ, ഓടിത്തളർന്നു മൂക്കുകുത്തിക്കിടക്കുന്ന കൈറിക്ഷകളും, ജീവിതത്തിന്റെ സകല പ്രകാശങ്ങളും കെട്ട കണ്ണുകളുള്ള റിക്ഷാക്കാരും.

ചരിത്രവും സംസ്കാരവും വിഭജനവും, വിശ്വാസവും വിപ്ലവവും, വേദാന്തവും വിവേകാനന്ദനും രാമകൃഷ്ണപരമഹംസരും, ടാഗോറും നേതാജിയും അരവിന്ദഘോഷും ചിത്തരഞ്ജദാസും സ്വന്തമായ മഹാനഗരത്തിന്റെ മായാജാലങ്ങൾ കണ്ടു മാഡലിൻ. പകൽ മുഴുവനും കോളജ് സ്ട്രീറ്റിലെ ബുക്ക്സ്റ്റോളുകളിൽ പുസ്തകം തപ്പുന്ന ബുദ്ധിജീവികൾ വൈകുന്നേരം കോഫിഹൗസിൽഇരുന്ന് ചിന്തകൾ ജ്വലിപ്പിക്കുന്നതു കണ്ടു. ബാലിഗഞ്ചിലെ മത്സ്യത്തെരുവുകളിൽ വെട്ടിത്തിളങ്ങുന്ന ഉഷസ്സുകൾ കണ്ടു. ഗംഗയുടെ കൈവഴിയായ ഹൂഗ്ളിയിലൂടെ പൂക്കൾ നിറച്ച വഞ്ചികളൊഴുകുന്ന പുലരികൾ കണ്ടു. കൈറിക്ഷ വലിക്കുന്നവർ ഭൂമിയെയും ആകാശത്തെയും പിളർക്കുമാറു ചുമയ്ക്കുന്നതു കേട്ടു. കാളിഘട്ടിലെ ചോരക്കുരുതികൾ കണ്ടു. അവിടെ തെരുവിൽ മയങ്ങുന്ന അനാഥബാല്യങ്ങളുടെ പടമെടുത്തപ്പോൾ ഒരു തെരുവുബാലൻ വിലക്കി, അവൻ കേട്ടുപഠിച്ച ഇംഗ്ലീഷിൽ: “മാഡം, ഗിവ് മണി. ഇഫ് നോ മാണി, നോ ഫോട്ടോ!”

ഞങ്ങൾ പോയി നോർത്ത് കല്ക്കട്ടയിലേക്ക്. ഹൂഗ്ളിതീരത്തെ നിംതലഘട്ടിലെ നിലക്കാത്ത മന്ത്രോച്ചാരണങ്ങളുടെ രാപ്പകലുകളും, മൃതശരീരങ്ങൾ കത്തിയുയരുന്ന പുകയും, കരിഞ്ഞ മനുഷ്യമാംസത്തിന്റെ മനംമറിക്കുന്ന ഗന്ധവും, തൊട്ടപ്പുറത്തെ സോണാഗാച്ചിയിലെ ഉന്മാദരാവുകളുടെ തീവ്രത കൂട്ടും. സോണാഗാച്ചി—ഏക്കറുകൾ പരന്നുകിടക്കുന്ന, പതിനായിരക്കണക്കിനു ലൈംഗികത്തൊഴിലാളികൾ അധിവസിക്കുന്ന, ഏഷ്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ റെഡ്ലൈറ്റേറിയ. സൂര്യാസ്തമയം`മുതൽ സൂര്യോദയം`വരെ ഇവിടം സജീവം. നിയമം കയ്യാളുന്നവരും നിയമം കാക്കുന്നവരും ഇവിടെ ഒരുമിക്കുന്നു. ഭരണപ്രതിപക്ഷഭേദമില്ലാതെ, കൊടിയടയാളങ്ങളില്ലാതെ നേതാക്കൾ ഇവിടെ ഒത്തുചേരുന്നു. ഭക്തിയും ഭക്തിരാഹിത്യപ്രത്യയശാസ്ത്രങ്ങളും വ്യവസ്ഥകളില്ലാതെ സമന്വയിക്കുന്ന സോഷലിസ്റ്റ് ജില്ല. ഗലികളിൽ അണിഞ്ഞൊരുങ്ങി അണിനിരന്നുനില്ക്കുന്ന ലലനാമണികളുടെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം. ഓരത്ത് ഒതുങ്ങിക്കൂടിയ വൃദ്ധയുടെ ഒട്ടിയ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ച് മാഡലിൻ അവരെ സ്വാന്തനിപ്പിച്ചു.

ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിനുശേഷം സമത്വസുന്ദരമായൊരു ‘സുവർണ്ണ ബംഗാൾ’ മോഹിച്ച് നിലവിലുള്ള വ്യവസ്ഥിതികൾക്കെതിരെ പടവാളെടുത്ത ബംഗാളിന്റെ ക്ഷോഭിക്കുന്ന യൗവ്വനത്തെക്കുറിച്ചും അവരുടെ എരിഞ്ഞടങ്ങിയ എഴുപതുകളിലെ വിപ്ലവവീര്യത്തെപ്പറ്റിയും ഞങ്ങൾ മാഡലിൻ ഒഹെയറിനോടു സംസാരിച്ചപ്പോൾ, വിപ്ലവം പൊട്ടിപ്പുറപ്പെട്ട മണ്ണു കാണണമെന്നായി അവർ. ഞങ്ങൾ തിരിച്ചു, ബംഗാളിന്റെ ദൂരങ്ങളിലേക്ക്. സിലിഗുരിയിലേക്കും നക്സല്ബാരിയിലേക്കും. സ്വപ്നങ്ങളും പ്രതീക്ഷകളുംകൊണ്ട് അലംകൃതമായൊരു കാലത്തിന്റെ വ്യവസ്ഥിതി നടപ്പാക്കാൻ കൊടുവാളെടുത്ത കനു സന്യാളിന്റെയും അസിം ചാറ്റർജിയുടെയും വിപ്ലവവിര്യവും ചാരു മജുംദാറിന്റെ ഉന്മൂലസിദ്ധാന്തവും, വെറും ബുദ്ധിശൂന്യതയുടെയും മനുഷ്യത്വരാഹിത്യത്തിന്റെയും പദ്ധതിയായിരുന്നെന്ന് കാലം തിരിച്ചറിഞ്ഞു. അത് ഗ്രാമീണരുടെ ശുഷ്ക്കിച്ച മുഖങ്ങളിൽനിന്നും പ്രതീക്ഷകളറ്റ കണ്ണുകളിൽനിന്നും ഞങ്ങളും മനസ്സിലാക്കി. കാലത്തിന്റെ ചാരക്കൂന വീണുമൂടിയെങ്കിലും ഇന്നും കാണാം കെടാത്ത ചില കനല്ക്കട്ടകൾ, വിഫലമായ കുറെ സ്വപ്നങ്ങളുടെ അവശിഷ്ടങ്ങളായി. അതിവിചിത്രമായൊരു പുരാരേഖപോലെ..., ബംഗാളിന്റെ ചുകപ്പൻ ചക്രവാളത്തിൽ അകാലത്തിൽ പൊലിഞ്ഞ

വസന്തത്തിന്റെ ഇടിമുഴക്കത്തിന് ഒരടിക്കുറിപ്പുപോലെ....

ജ്ഞാനവും പ്രകൃതിയും സംഗമിക്കുന്ന ശാന്തിനികേതനെപ്പറ്റിയും ബാവുൽ സംസ്കാരത്തോട് ടാഗോറിനുള്ള ചായ്‌വിനെപ്പറ്റിയും ഞങ്ങൾ സംസാരിച്ചു. ജയദേവകവിയുടെ ജന്മസ്ഥലമായ കെന്ദുളി ഗ്രാമത്തെപ്പറ്റിയും. അദ്ദേഹത്തിന്റെ ഓർമ്മപുതുക്കലാണ് മകരസംക്രാന്തിയിൽ അജോയ് നദിയുടെ മണൽത്തിട്ടകളിൽ ബാവുല്മേളയായി അരങ്ങേറുന്നത്, പാട്ടു പാടിയും ലഹരി നുണഞ്ഞും മൂന്നു രാത്രികളിലായി. പിന്നെ, താരാപീഠിലെ താന്ത്രികരാവുകളെപ്പറ്റി....യാത്രയിൽ ഞങ്ങൾ സംസാരിച്ചുകൊണ്ടേയിരുന്നു. കാളിയും കാൾ മാർക്സും കൈകോർക്കുന്ന ബംഗാളിനെപ്പറ്റി, വിശ്വാസവും പ്രത്യയശാസ്ത്രവും ഒരുമിച്ചുപോകുന്ന ബംഗാളിനെപറ്റി, ആദിമതവും ആധുനികതയും ഒപ്പം സഞ്ചരിക്കുന്ന ബംഗാളിനെപ്പറ്റി, മന്ത്രങ്ങളും മുദ്രാവാക്യങ്ങളും കഥയും കവിതയും ഗാനങ്ങളും ഒരേ കാറ്റിൽ ലയിക്കുന്ന വംഗദേശത്തെപ്പറ്റി....

അടുത്ത ദിവസം ഞങ്ങൾ പോയത് ഇൻഡ്യയിലെ പിന്നാക്കസംസ്ഥാനം എന്നറിയപ്പെടുന്ന ഓറീസ്സയിലേക്കായിരുന്നു. കിയോഞ്ചാറിലെ (Keonjhar) ഉൾക്കാട്ടിൽ സ്ഥിതിചെയ്യുന്ന ഒരതിപുരാതന ശിവമന്ദിറിൽ ഞങ്ങളെത്തി. അവിടെ പ്രതിഷ്ഠ ശിവലിംഗമാണ്. കുളിച്ച് ഈറനുടുത്ത് അടിവസ്ത്രമില്ലാതെ, ശിവപൂജയ്ക്കായി പ്രായഭേദമെന്യെ നില്ക്കുന്ന സ്ത്രീകളുടെ നീണ്ട നിര. ഓരോ സ്ത്രീയും കാലു പൊക്കി ശിവലിംഗം കടന്ന് അപ്പുറമെത്തി പൂജാരിയിൽനിന്ന് പ്രസാദം വാങ്ങണം. കാലെടുത്തുവച്ച് ശിവലിംഗം കടക്കുമ്പോൾ യോനീമുഖം ശിവലിംഗത്തിൽ സ്പർശിക്കണമെന്നാണ് ക്ഷേത്രനിയമം. കാലങ്ങളായി ലക്ഷക്കണക്കിന് യോനികളുരസി, കരിങ്കല്ലിൽ തീർത്ത ശിവലിംഗത്തിന്റെ അഗ്രഭാഗം മാർബിൾപോലെ മിനുസപ്പെട്ടത് ഞങ്ങൾക്കു കാണാന് കഴിഞ്ഞു. കാഴ്ചക്കാരായി മറുവശത്തു നിന്ന പുരുഷന്മാരിലും കൗമാരക്കാരിലും കാമവികാരമുണരുന്നതും ദേവസന്നിധാനത്ത് ഞങ്ങൾ കണ്ടു. തൊട്ടടുത്തുള്ള മറ്റൊരമ്പലത്തിൽ ചെന്നപ്പോൾ, പൂർണ്ണനഗ്നനായൊരു സന്യാസി തന്റെ ലിംഗ്രാത്തത്ത് ശൂലം കുത്തി തപസ്സിരിക്കുന്നു. മുൻപിൽ ഒരുപറ്റം തരുണീമണികൾ കൈകൂപ്പി ലിംഗപൂജ നടത്തി നിർവൃതിയടയുന്നു. പിന്നെ ഞങ്ങൾ പോയത് പുരിയിലെ ജഗന്നാഥക്ഷേത്രത്തിലേക്ക്; അവിടെനിന്ന് കൊണാർക്കിലെ സൂര്യക്ഷേത്രത്തിലേക്കും. ബ്ളൂ ഫിലിമിനെ വെല്ലുന്ന രതിവൈകൃതങ്ങളാണ് ചുമരുകളിൽ കൊത്തിവച്ചിരിക്കുന്നത്. സ്കൂൾ-കോളജ് വിദ്യാർത്ഥിവിദ്യാർത്ഥിനികൾ സംഘമായി വന്ന് കാമശാസ്ത്രത്തിന്റെ പിതാവായ വാത്സ്യായൻപോലും നാണിച്ചു തലകുനിക്കുന്ന കാമചേഷ്ടകൾ കണ്ടാസ്വദിക്കുന്നതും ഞങ്ങൾ കണ്ടു. മാഡലിൻ ഇൻഡ്യയെ കണ്ടുതുടങ്ങുകയായിരുന്നു.

ആദ്യം വിവരിച്ച എയർപ്പോർട്ടുസംഭവത്തിനു തലേന്നാൾ മാഡലിൻ ഒഹെയർ ബിഹാലയിലെ ആര്യസമിതി ഹോളിൽ തിങ്ങിനിറഞ്ഞ ജനസഞ്ചയത്തോടു പറഞ്ഞത് ഇങ്ങനെയാണ്: "പ്രിയസഹോദരരേ, ദൈവത്തിന്റെ പേരിൽ നിങ്ങൾ ചൂഷണം ചെയ്യപ്പെടുകയാണ്. കാണാത്ത അവസ്ഥയ്ക്ക്, ഇല്ലാത്ത അവസ്ഥയ്ക്ക് 'ദൈവം' എന്ന് ആരാണു പേരിട്ടത്? ഇല്ലാത്തതിനു പേരിടാൻ ഈ ഭൂമിയിൽ നിങ്ങൾക്ക് എന്തവകാശം? ഈശ്വരൻ എന്നത് മനോഹരമായൊരു നുണയാണ്. സ്വർഗ്ഗവും നരകവും മാലാഖകളും ഈ ഭൂമിയിൽ മനുഷ്യൻ നിർമ്മിച്ച നുണകളാണ്. നിങ്ങൾ മരിച്ചു മണ്ണിലേക്കു ചേരുമ്പോൾ മണ്ണിരകൾക്കു ഭക്ഷണമാകും."

അവരുടെ വാക്കുകൾ കല്ക്കത്തയിലെ ഒരുകൂട്ടം യുവാക്കളുടെ പുരോഗമനചിന്തകളെ തീജ്വാലകളാക്കി.

എയർപ്പോർട്ടിലെ പത്രസമ്മേളനത്തിനുശേഷം ക്ഷോഭമടക്കി മാഡലിനും ജോണും റോബിനും വിമാനത്തിൽ കയറി. പിന്നാലെ ഞങ്ങളും. വിമാനം ഡൽഹിയിലേക്കു പറന്നു.

## പതിനേഴു വർഷങ്ങൾക്കു ശേഷം...

1995 സെപ്റ്റംബർ അവസാനത്തിലെ ഒരു പ്രഭാതത്തിൽ, ടെക്സസിലെ സാനന്റോണിയോ (San

Antonio)-യിലെ തന്റെ വസതിയിൽനിന്നും 76 വയസ്സുള്ള മാഡലിൻ മറെ ഒഹെയറും മകൻ ജോണും കൊച്ചുമകൾ റോബിനും അപ്രത്യക്ഷരായി. ഓസ്റ്റിനിലുള്ള അമേരിക്കൻ എഥീയിസ്റ്റ്സിന്റെ ഹെഡ്ക്വാർട്ടേഴ്സിലെ വാതിലിൽ ഇങ്ങനെ ഒരു അറിയിപ്പു പതിച്ചിരുന്നു: "The Murray O'Hair family has been called out of town on an emergency. At the time of writing this memo, we do not know how long we will be gone."

ഒരാഴ്ചയ്ക്കുശേഷം അവരെ അന്വേഷിച്ച് ആ വസതിയിലെത്തി അമേരിക്കൻ എഥീയിസ്സിന്റെ ബോർഡ് മെംബറായ സ്പൈക്ക് ടൈസൺ. അവർ ധൃതിയിൽ സ്ഥലംവിട്ടതിന്റെ എല്ലാ ലക്ഷണങ്ങളും വീടിനകത്തു കണ്ടു. പ്രഭാതഭക്ഷണവും പ്രമേഹത്തിനുള്ള മരുന്നും തീന്മേശയിൽ ഇരിക്കുന്നതായി കണ്ടു. കൂടാതെ, യജമാനരില്ലാത്ത രണ്ടു വളർത്തുനായ്ക്കളും.

ശമ്പളം കൊടുക്കാൻവരെ സാമ്പത്തികബുദ്ധിമുട്ടാണെന്ന് മാഡലിൻ ഇടയ്ക്കിടെ പറയുമായിരുന്നെങ്കിലും, അമേരിക്കൻ എഥീയിസ്സിന് സമാനചിന്താഗതിക്കാരിൽനിന്നും ധാരാളം സംഭാവനകൾ കിട്ടിയിരുന്നു. ആ പണം കൂടുതലും വിദേശബാങ്കുകളിൽ മാഡ്ലിൻ നിക്ഷേപിച്ചിട്ടുണ്ട് എന്ന അടക്കംപറച്ചിലുകൾ സംഘടനയുടെ ജോലിക്കാർക്കിടയിൽ സാധാരണയായിരുന്നു. സംശയാസ്പദമായ സാഹചര്യത്തിൽ ഒഹെയർകുടുംബത്തെ കാണാതായതായി ബോർഡ് മെംബേഴ്സ് ഔദ്യോഗികമായി പരാതി നല്കിയെങ്കിലും, ഓസ്റ്റിൻ പൊലീസ് കാര്യമായൊരു അന്വേഷണം നടത്തിയില്ലെന്നതാണു വസ്തുത.

ഒരുവർഷത്തിനുശേഷം, ഈ ദുരൂഹതയുടെ മറനീക്കാൻ, ടിം യംഗ് (Tim Young) എന്നൊരു സ്വകാര്യ അന്വേഷകനും San Antonio Express News-ന്റെ റിപ്പോർട്ടറായ മക്കോർമക്കും (Mac Cormack) രംഗത്തെത്തി. American Atheists-ന്റെ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ചുകൊണ്ടിരുന്ന ഇന്റേണൽ റവന്യു സർവ്വീസിലെ (IRS) പ്രത്യേകാന്വേഷകനായ എഡ് മാർട്ടിനും (Ed Martin) ഒപ്പംകൂടി.

അമേരിക്കൻ എഥീയിസ്സിന്റെ ഓഫീസ് മാനേജരായിരുന്നു 48-കാരനായ ഡേവിഡ് വാട്ടേഴ്സ് (David Waters). പുതിയ അന്വേഷകസംഘത്തിന് അയാളുടെമേൽ സംശയം വരാൻ അധികം സമയം വേണ്ടിവന്നില്ല. വാട്ടേഴ്സിന് ക്രിമിനൽ പശ്ചാത്തലം ഉണ്ടായിരുന്നതായി പൊലീസ്രേഖകളിൽനിന്ന് അവർക്കു മനസ്സിലായി. തന്നെയുമല്ല, സംഘടനയുടെ സാമ്പത്തിക ഇടപാടുകളിൽ ഇയാൾ തിരിമറി നടത്തിയത് മാഡലിൻ കൈയോടെ പിടിച്ചിരുന്നു. അയാളുടെ ക്രിമിനൽസ്വഭാവത്തെപ്പറ്റി അവർ ന്യൂസ്‌ലെറ്ററുകളിലൂടെ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ അമർഷവും അയാൾ`ക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാകണം ഒഹെയർകുടുംബം അപ്രത്യക്ഷരായ ആഴ്ചയിൽത്തന്നെ, ഒഹെയർകുടുംബം വൻ സാമ്പത്തികതട്ടിപ്പു നടത്തി അമേരിക്കൻ എഥീയിസ്സിന്റെ കോടിക്കണണക്കിനു ഡോളറുമായി രാജ്യംവിട്ടിരിക്കുന്നു എന്ന് Vanity Fair മാസികയിൽ ഡേവിഡ് വാട്ടേഴ്സ് മനോഹരമായൊരു ഫീച്ചർ എഴുതി. ഇതും അന്വേഷകസംഘത്തിന് സംശയത്തിന്റെ ആക്കം കൂട്ടി.

1995 സ്പ്രിംഗ്-സമ്മർ കാലങ്ങളിൽ ഡാണി ഫ്രൈ (Danny Fry), ഗാരി കാർ (Gary Karr) എന്ന രണ്ടാളുകളുമായി ഡേവിഡ് വാട്ടേഴ്സ് പല പ്രാവശ്യം ഫോണിൽ ബന്ധപ്പെട്ടതായി അന്വേഷകസംഘം കണ്ടെത്തി. ഇവർ വട്ടേഴിന്റെകൂടെ ജയിലിൽ കഴിഞ്ഞവരായിരുന്നെന്നും. അന്വേഷകസംഘം ഉടനെ ഡാണി ഫ്രൈയുടെ ഗേൾഫ്രെൺടുമായി ബന്ധപ്പെട്ടു. ഡേവിഡ് വാട്ടേഴ്സിനെ ഒരു 'പദ്ധതി'യിൽ സഹായിക്കാനായി ഡാണി ടെക്സസിലേക്ക് ഒരു യാത്ര നടത്തിയെന്നും അതിനുശേഷം ഒരുവർഷമായി ഡാണിയിൽനിന്നോ ഡാണിയെപ്പറ്റിയോ ഒരു വിവരവും ഇല്ലെന്നും അന്വേഷകസംഘത്തിന് ഡാണിയുടെ ഗേൾഫ്രെണ്ടിൽനിന്ന് അറിയാൻ കഴിഞ്ഞു. തുടർന്നുള്ള അന്വേഷണത്തിൽ ഒന്നുകൂടി മനസ്സിലായി—ഡാണി ഫ്രൈയും ഒഹെയർകുടുംബവും ഒരേ ആഴ്ചയിലാണ് അപ്രത്യക്ഷരായത്.

ഒഹെയർകുടുംബം അപ്രത്യക്ഷരാകുന്നതിനുമുമ്പ്, മാഡലിന്റെ മകൻ ജോൺ തന്റെ മെഴ്സെഡീസ് ബെൻസ് കാർ വില്ക്കുകയും തന്റെ ക്രെഡിറ്റ്കാർഡുകളിൽനിന്ന് വൻതുകകൾ എടുക്കുകയും ചെയ്തിരുന്നെന്ന് അമേരിക്കൻ എഥീയിസ്സ് സ്റ്റാഫംഗങ്ങളിൽനിന്ന് IRS

അന്വേഷിച്ചപ്പോൾ മനസ്സിലാക്കി.

ഒരു കോയിൻഡീലറിൽനിന്ന് ജോൺ ഒഹെയർ തികച്ചും തകർന്ന മാനസികാവസ്ഥയിൽ ആറു ലക്ഷം ഡോളറിന്റെ സ്വർണ്ണനാണയങ്ങൾ വാങ്ങിയതായി അന്വേഷകസംഘം കണ്ടെത്തി. അതിനുശേഷമുള്ള ഡേവിഡ് വാട്ടേഴ്സിന്റെയും ഗാരി കാറിന്റെയും ആഡംബരച്ചെലവുകളുടെ തെളിവുകളും ലഭിച്ചു.

തലയും കൈകാലുകളുമില്ലാത്തൊരു മൃതശരീരം ഡാലസ്സിനടുത്ത് ട്രിനിറ്റി നദിയുടെ കരയ്ക്കുള്ള ഒരു ചവറ്റുകൂനയിൽനിന്ന് 1995 ഒക്ടോബറിൽ ഡാലസ് പൊലീസ് കണ്ടെടുത്തത് അന്വേഷകസംഘം അറിഞ്ഞു. ആ തലയില്ലാത്ത പ്രേതം ഡാണി ഫ്രൈയുടേതാണെന്ന് DNA ടെസ്റ്റിലൂടെ വെളിവായി.

ഡാണി കൊലചെയ്യപ്പെട്ടതറിഞ്ഞ് ഡാണിയുടെ സഹോദരൻ രംഗത്തെത്തി. തനിക്കറിയാവുന്നതെല്ലാം അയാൾ അന്വേഷകസംഘത്തോടു പറഞ്ഞു. ഡാണി ടെക്സസിലേക്കു പോയതും, ഒഹെയർകുടുംബത്തെ തട്ടിക്കൊണ്ടുപോകാൻ സഹായിച്ചതും, അതിനുശേഷം അവരെ താമസിപ്പിച്ച മൊട്ടേലിനു കാവൽനിന്നതും, ഡേവിഡ് വാട്ടേഴ്സും ഗാരി കാറും പണം തട്ടിയതുമെല്ലാം.

അന്വേഷകസംഘം തെളിവുകളുമായി പൊലീസിലെത്തി. ഡേവിഡ് വാട്ടേഴ്സും ഗാരി കാറും അറസ്റ്റുചെയ്യപ്പെട്ടു. ഒഹെയർകുടുംബത്തെ തട്ടിക്കൊണ്ടുപോകാൻ സഹായിക്കുകയും കാവൽനില്ക്കുകയും മാത്രമേ താൻ ചെയ്തിട്ടുള്ളെന്ന് ഗാരി കാറും, ഒഹെയർകുടുംബത്തെയും ഡാണി ഫ്രൈയെയും കൊന്നതായി ഡേവിഡ് വാട്ടേഴ്സും കുറ്റസമ്മതം നടത്തി. ആ മൂന്നുപേരെ കൊന്നത് എങ്ങനെയാണെന്ന് ഡേവിഡ് വാട്ടേഴ് വിശദീകരിച്ചു. അവരെ കഴുത്തു`ഞെരിച്ചുകൊന്നിട്ട് വെട്ടിനുറുക്കി കഷണങ്ങളാക്കി 55 ഗാലൺ ഡ്രമ്മുകളിൽ ഒതുക്കി ടെക്സസിലെ ക്യാമ്പ് വുഡിലെ (Camp Wood) ഒരു ഫാമിൽ കുഴിച്ചിടുകയായിരുന്നു. പൊലീസ് അവിടം കുഴിച്ച് എല്ലുകളും തലയോട്ടികളും മാഡലിൻ ഒഹെയറിന്റെ ശരീരത്തിലുണ്ടായിരുന്ന ഒരു മെറ്റൽ ഹിപ്ജോയിന്റും കണ്ടെടുത്തു.

ഇവിടെ ഒരു വലിയ ചോദ്യം അവശേഷിക്കുകയാണ്. തന്റെ അമ്മയും മകളും തടങ്കലിലായിരിക്കെ, പുറത്തു പോയി, വൻതുകയ്ക്കുള്ള സ്വർണ്ണനാണയങ്ങൾ വാങ്ങുകയും കാഷ് അഡ്വാൻസ് എടുക്കുകയും ചെയ്ത ജോൺ ഒഹെയർ എന്തുകൊണ്ട് പുറത്തുനിന്ന് സഹായം തേടിയില്ല? പല ഉത്തരങ്ങളും ഡേവിഡ് വാട്ടേഴ്സിന് അറിയാമായിരിക്കാം. പക്ഷേ, അയാൾ നോർത്ത് കാരലൈനയിലെ ഫെഡറൽ പ്രിസണിൽ`വച്ച് 2003 ജനുവരി 27-ന് ശ്വാസകോശാർബ്ബുദംമൂലം മരണമടഞ്ഞു●